കേരള സർക്കാർ

**പിണറായി വിജയൻ**

**മുഖ്യമന്ത്രി**

നം.136(65)/2020/സിഎംസിസി

13/05/2020

പ്രിയപ്പെട്ട ആര്യ, കൃപ,

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന നൽകിയതിൽ ഹൃദ്യമായി അഭിനന്ദിക്കുന്നു.

കൊറോണ വൈറസ് ലോകം മുഴുവൻ വിനാശം വിതയ്ക്കുകയാണ്. നമ്മുടെ കേരളവും വൈറസിനെതിരായ പോരാട്ടത്തിലാണ്. വൈറസിനെതിരായ കേരളത്തിന്റെ പ്രതിരോധം ലോകശ്രദ്ധ തന്നെ പിടിച്ചു പറ്റിയിരിക്കുകയാണ്. മാനുഷിക മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് "ശാരീരിക അകലം, സാമൂഹ്യ ഒരുമ" എന്ന ആപ്തവാക്യവുമായുള്ള നമ്മുടെ പ്രവർത്തനം മാതൃകാപരമെന്ന് ലോകം വിശേഷിപ്പിക്കുന്നു.

കേരളം പ്രതിസന്ധി നേരിട്ടപ്പോഴെല്ലാം രക്ഷാ/പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുന്നിൽ നിന്നത് വിദ്യാർത്ഥികളും യുവജനങ്ങളുമാണ്. ഏറെ പ്രത്യാശ നൽകുന്നതും ഇതുതന്നെയാണ്.

ആര്യയും, കൃപയും, മറ്റു കുട്ടികളും ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യുന്നത് നല്ല മാതൃകയാണ്. ഈ അവധിക്കാലം അറിവ് സമ്പാദിക്കുന്നതിനുള്ള അവസരമായി കാണണം.

ആര്യയ്ക്കും, കൃപയ്ക്കും, രക്ഷിതാക്കൾക്കും എന്റെ ആശംസകൾ.

സ്നേഹപൂർവ്വം,

**പിണറായി വിജയൻ**

141, മൂന്നാം നില, നോർത്ത് ബ്ലോക്ക്
ഗവണ്മെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം പിൻ 695 001

ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489
ഇ chiefminister@kerala.gov.in
facebook.com/cmokerala twitter.com/cmokerala
www.keralacm.gov.in

വസതി
ക്ലിഫ് ഹൗസ്
ഫോ 0471 2318406, 2314853